**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 595**
**02.12.2014 ലെ മറുപടിയ്ക്ക്**

**ആം ആദ്മി ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.ദിവാകരൻ | | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| ആം ആദ്മി ഇൻഷ്വറൻസ് കേരളത്തിൽ എങ്ങനെയാണ് നടപ്പിലാക്കുന്നത്, ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണ്, എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതു വഴി ലഭിക്കുന്നത്? | : | സാമൂഹിക സുരക്ഷാ പദ്ധതിയായാണ് ആം ആദ്മി ബീമാ യോജന ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏജൻസി കേരള (ചിയാക്) എൽ.ഐ.സിയുമായി ചേർന്നാണ് ഈ പ്രീമിയം രഹിത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്.<br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിവിധ മേഖലകളിൽപ്പെട്ട കുടുംബാംഗങ്ങൾക്കാണ് ആം ആദ്മി ബീമാ യോജന പദ്ധതിയിൽ അംഗത്വത്തിന് അർഹതയുള്ളത്. അപേക്ഷകൻ 18-നും 59-നും വയസ്സിന് ഇടയ്ക്കുള്ള ആളായിരിക്കണം. കേന്ദ്ര സർക്കാർ മാർഗ്ഗനിർദേശമനുസരിച്ച് ഗ്രാമീണ നിർധനരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>ഗുണഭോക്താവ് അപകടത്തിൽ മരിക്കുകയോ സ്ഥിരമായ അംഗവൈകല്യം (കണ്ണ്,കൈകാൽ) സംഭവിക്കുകയോ ചെയ്താൽ 75,000/- രൂപയും ഭാഗിക അംഗവൈകല്യത്തിന് 37,500/- രൂപയും സ്വാഭാവിക മരണത്തിന് 30,000/- രൂപയും ആനുകൂല്യം ലഭിക്കുന്നതാണ് ടി പദ്ധതി. കൂടാതെ 9 മുതൽ 12 ക്ലാസ്സ് വരെ (ഐ.ടി.ഐ ഉൾപ്പെടെ) |

| | | |
|---|---|---|
| | | പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 100/- രൂപ വീതം (ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക്) സ്കോളർഷിപ്പ് ലഭിക്കുന്നു. സ്കോളർഷിപ്പ് തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വഴിയാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ